I. ഇ.ബി. XV1-കേരള നിയമസഭ/I-6

## പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 ജൂൺ 4, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I അനുശോചനം

ഡൽഹിയിലെ ഹോട്ടലിലുണ്ടായ തീപിടുത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനം

ഡൽഹി മാളവ്യ നഗറിലെ ഹോട്ടലിലുണ്ടായ തീപിടുത്തത്തിൽ 11 വിദേശികളടക്കം 21 പേർ മരണപ്പെട്ടത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും മരണമടഞ്ഞവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

### II ശ്രദ്ധ ക്ഷണിക്കൽ

(1) വടക്കൻ ജില്ലകളിൽ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ഡിപ്പോകളും സർവീസുകളും ആരംഭിക്കൽ

ശ്രീ. വി. ടി. ബൽറാം: സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ഡിപ്പോകൾ ആരംഭിക്കാനും കൂടുതൽ സർവീസുകൾ നടത്താനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന പ്രഖ്യാപനം എത്രയുംവേഗം നടപ്പാക്കണം. തൃത്താല കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): കെ.എസ്.ആർ.ടി.സി. ബസ് സർവീസ് താരതമ്യേന കുറവായ വടക്കൻ ജില്ലകളിൽ കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് തൃത്താല കേന്ദ്രീകരിച്ച് ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(2) ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകത

ശ്രീ. കെ. പ്രേംകുമാർ: വാർധക്യസഹജമായ അവശതകൾ അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും ആശ്വാസമെന്ന നിലയിൽ മുൻ ഗവൺമെന്റ് ആരംഭിച്ച വാതിൽപ്പടി പെൻഷൻ വിതരണം ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. വീടുകളിൽപോയി പെൻഷൻ നൽകി രസീത് വാങ്ങണമെന്ന ചട്ടം ലംഘിച്ച് ഗുണഭോക്താക്കളെ യു.ഡി.എഫ്. തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിലേക്ക് വിളിച്ചുവരുത്തി ക്ഷേമ പെൻഷൻ വിതരണം നടത്താൻ കൂട്ടുനിന്ന മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കും പുൽപ്പറ്റ സർവീസ് സഹകരണ ബാങ്ക് ജീവനക്കാർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ഇത്തരം പ്രവണതകൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകളിൽ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി നിയോഗിക്കപ്പെട്ട ബാങ്ക് ജീവനക്കാരന്റെ ആരോഗ്യപ്രശ്നവും മഴയും കാരണം ഗുണഭോക്താക്കളുടെ ആവശ്യപ്രകാരമാണ് ഒരു രാഷ്ട്രീയ പാർട്ടിയുടെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽവച്ച് പെൻഷൻ വിതരണം നടത്തിയത്. സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി തെറ്റാണെന്ന് ബോധ്യപ്പെടുകയും വീഴ്ചവരുത്തിയ ജീവനക്കാരനെ ചുമതലയിൽനിന്ന് മാറ്റുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദേശം നൽകിയിട്ടുണ്ട്.

## III മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ള സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം മേശപ്പുറത്തുവച്ചു.

## IV ക്രമപ്രശ്നം

ധവളപത്രം തയ്യാറാക്കിയതിലെ അപാകത

ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പ് ഔദ്യോഗികമായി തയ്യാറാക്കേണ്ട ധവളപത്രം പുറത്തുനിന്നുള്ള വിദഗ്ധരെ നിയോഗിച്ച് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. വകുപ്പിന് കീഴിലുള്ള അതീവ രഹസ്യ രേഖകൾ പുറത്തുള്ളവർക്ക് നൽകുന്നത് സത്യപ്രതിജ്ഞയുടെയും ഭരണഘടനയുടെയും ലംഘനമാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ധവളപത്രം തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ഉന്നയിച്ച കാര്യങ്ങൾ അടിസ്ഥാനരഹിതമാണ്. ക്യാബിനറ്റ് അനുമതിയോടെ, ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായി പാലിച്ച് വിദഗ്ധരുടെ സഹായത്തോടെ പബ്ലിക് ഡൊമൈനിലുള്ള രേഖകൾ മാത്രം വിശകലനം ചെയ്താണ് ധവളപത്രം തയ്യാറാക്കിയത്. യാതൊരുവിധ രഹസ്യ രേഖകളും ഇതിനായി ഉപയോഗിച്ചിട്ടില്ല. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടാണിത്. എല്ലാ മേഖലയിലുമുള്ള വിദഗ്ധരുടെ ഉപദേശങ്ങൾ സ്വീകരിച്ച് ഒരു പുതുയുഗ കേരളം കെട്ടിപ്പടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**V ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച (തുടർച്ച)**

ശ്രീ. സി. ആർ. മഹേഷ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളുടെയും ദൈനംദിന ജീവിതത്തെ തൊട്ടറിയുന്ന നയപ്രഖ്യാപനം സർക്കാരിന്റെ ദിശാബോധത്തിന്റെ തെളിവാണ്. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര, കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ വിദ്യാഭ്യാസ സഹായം, ക്ഷേമ പെൻഷൻ വർധന, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, യുവജനങ്ങൾക്ക് പലിശരഹിത വായ്പ, വയോജന ക്ഷേമത്തിനായി പുതിയ വകുപ്പ് തുടങ്ങിയ പ്രഖ്യാപനങ്ങൾ ശ്ലാഘനീയമാണ്.

ശ്രീ. കെ. പ്രേമൻ: ഉപക്ഷേപത്തെ എതിർക്കുന്നു. ലൈഫ് ഭവന നിർമ്മാണ പദ്ധതിയുൾപ്പെടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ ക്ഷേമ-വികസന പദ്ധതികളുടെ തുടർച്ച നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിക്കാത്തത് പ്രതിഷേധാർഹമാണ്. ലൈഫ് പദ്ധതിയിൽനിന്നുള്ള പിന്മാറ്റം ഗുണഭോക്താക്കളുടെ വീടുനിർമ്മാണം പാതിവഴിയിലാക്കുമെന്ന ആശങ്കക്കിടയാക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാണെന്ന സർക്കാർ വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ അധിക ബാധ്യത വരുത്തുന്ന പദ്ധതികളാണ് ഇന്ദിരാ ഗ്യാരന്റികളെന്ന പേരിൽ നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ളത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെന്മാറ നിയോജകമണ്ഡലത്തിലെ കർഷകർ നേരിടുന്ന ആശങ്കകൾ

പരിഹരിക്കണം. നിർമ്മാണം പുരോഗമിക്കുന്ന പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പാറക്കൽ അബ്ദുല്ല: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുതുയുഗ കേരളം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. കെ. കെ. വൽസരാജ്: ഉപക്ഷേപത്തെ എതിർക്കുന്നു. പി.എം.ശ്രീ, സാമൂഹ്യക്ഷേമ പദ്ധതികൾ, കിഫ്ബിയുടെ തുടർപ്രവർത്തനം എന്നിവ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധി സംരക്ഷിക്കപ്പെടണം.

ശ്രീ. വർഗ്ഗീസ് മാമ്മൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നഗരങ്ങളെയും ക്യാമ്പസുകളെയും ലഹരിയിൽനിന്നും മോചിപ്പിക്കാൻ ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതി മാതൃകാപരമാണ്. ജോലി നഷ്ടപ്പെട്ട പ്രവാസികൾക്കായി പ്രവാസ ഭവന നിർമ്മാണ പദ്ധതിക്ക് രൂപംനൽകണം. കായികരംഗത്ത് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുതിയ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിക്കുന്നതിനും തിരുവല്ലയിലെ പബ്ലിക് സ്റ്റേഡിയം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും തിരുവല്ലയിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പുതിയ ഐ.ടി. പാർക്കുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉപയോഗശൂന്യമായി കിടക്കുന്ന പുളിക്കീഴ് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിന്റെ സ്ഥലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കാനും നടപടിയുണ്ടാകണം.

ശ്രീ. രാജീവ് ചന്ദ്രശേഖർ: ഉപക്ഷേപത്തെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ദുർബലമായ സാമ്പത്തിക സ്ഥിതിക്ക് മാറ്റംവന്നില്ലെങ്കിൽ നയപ്രഖ്യാപനത്തിലെ വാഗ്ദാനങ്ങൾ കേവലം സ്വപ്നങ്ങളായി അവശേഷിക്കുന്ന സ്ഥിതിയുണ്ടാകും. ധവളപത്രം സംബന്ധിച്ച് സഭയിൽ ചർച്ച നടത്തണം. തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണണം. കോളേജ് ക്യാമ്പസുകൾ അറിവ് പകരുന്നതും വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതുമായ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തണം. ക്യാമ്പസുകളിൽനിന്ന് രാഷ്ട്രീയ അക്രമങ്ങളും ലഹരിയും തുടച്ചുനീക്കണം.

<u>ശ്രീമതി കെ. കെ. രമ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, പ്രീ-പ്രൈമറി ടീച്ചർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവർക്കുള്ള വേതന വർധന, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര, പെൺകുട്ടികൾക്കുള്ള ആർത്തവ അവധി, വയോജനക്ഷേമ വകുപ്പ് രൂപീകരണം തുടങ്ങിയ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. കെ-റെയിൽ പദ്ധതി റദ്ദാക്കിയ നടപടി പ്രശംസനീയമാണ്. സാക്ഷരത പ്രേരക്മാരുടെയും ഖാദി-കൈത്തറി മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കണം. വടകര നിയോജകമണ്ഡലത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും ഓർക്കാട്ടേരി സി.എച്ച്.സി.-യിലെ കിടത്തിചികിത്സ പുനരാരംഭിച്ച് അവിടെ ഫോറൻസിക് സർജനെ നിയമിക്കാനും ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും നടപടിയുണ്ടാകണം.

<u>ശ്രീ. എം. എം. നസീർ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർവതലസ്പർശിയായ നയപ്രഖ്യാപനമാണിത്. ലഹരിക്കെതിരെ ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ളുഫാൻ പദ്ധതി പ്രതീക്ഷ നൽകുന്നതാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ എം. ജെ.</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഭൂനിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മിഷൻ രൂപീകരിച്ച് ആധുനിക സാങ്കേതിക മേഖലകൾക്ക് പ്രാധാന്യം നൽകുന്നതും കഴിവും പ്രാപ്തിയുമുള്ളവരെ പ്രോത്സാഹിപ്പിച്ച് ഗവേഷണ-വികസന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതും പ്രശംസനീയമാണ്. സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും ഉപയോഗശൂന്യമായ തോട്ടങ്ങളിൽ ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വാഗതാർഹമാണ്.

<u>ശ്രീ. എം. വിജിൻ</u>: ഉപക്ഷേപത്തെ എതിർക്കുന്നു. ജനക്ഷേമത്തിന് മുൻഗണന നൽകുന്നതിനുപകരം പ്രതികാര രാഷ്ട്രീയം, സ്വജനപക്ഷപാതം, അഴിമതി എന്നിവയ്ക്ക് വഴിയൊരുക്കുന്നതാണ് ഈ നയപ്രഖ്യാപനം. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പ്രധാന ജനക്ഷേമ പദ്ധതികളെ ദുർബലപ്പെടുത്തുന്ന സമീപനം ഖേദകരമാണ്. കേന്ദ്ര സർക്കാരിന്റെ

കേരളത്തോടുള്ള അവഗണനയും പ്രതികൂല നിലപാടുകളും സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. കെ. പി. നൗഷാദ് അലി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെ തകർച്ചയിലേക്ക് നയിച്ചും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാതെയും കർഷകരെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാതെയും വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതെയും അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിയ കഴിഞ്ഞ സർക്കാരിന്റെ ഭരണം സമ്പൂർണ്ണ പരാജയമായിരുന്നു. അടിസ്ഥാന ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ ഉന്നമനത്തിനുവേണ്ടി പ്രത്യേക ഫണ്ട് വകയിരുത്തുന്നതിനും പിന്നാക്ക വിഭാഗങ്ങളുടെ അവസരസമത്വത്തിനായി കമ്മിഷൻ രൂപീകരിക്കുന്നതിനുമുള്ള നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ സാധിച്ചതുകൊണ്ടാണ് ജനങ്ങൾ യു.ഡി.എഫ്.-നെ അധികാരത്തിലെത്തിച്ചത്.

ശ്രീ. സന്ദീപ് വാര്യർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപനങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത സർക്കാരാണ് കഴിഞ്ഞ പത്ത് വർഷക്കാലം കേരളം ഭരിച്ചിരുന്നത്. ജനതാൽപര്യത്തിന് വിരുദ്ധമായ തീരുമാനങ്ങളും വികലമായ വ്യവസായ നയവും ധനകാര്യ കെടുകാര്യസ്ഥതയുമാണ് എൽ.ഡി.എഫ്.-ന്റെ പരാജയത്തിന് കാരണമായത്.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കെ-റെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചതും ആശാ വർക്കർമാരുടെ വേതനം വർധിപ്പിച്ചതും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. കാർഷികോൽപന്നങ്ങൾക്ക് ന്യായവില സമയബന്ധിതമായി നൽകുമെന്നും ഉൽപാദനച്ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ ആശ്വാസകരമാണ്. നെല്ല് കർഷകർക്കായി റിവോൾവിങ് ഫണ്ട് ഏർപ്പെടുത്തുന്നതിനും ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബൈപ്പാസ്സുകൾ നാലുവരി പാതയാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. പി. കെ. നവാസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എ.ഐ. വകുപ്പും വയോജന വകുപ്പും രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മലപ്പുറം ജില്ലയിൽ ഏറ്റവും

പിന്നാക്കം നിൽക്കുന്ന താനൂരിന്റെ വികസനത്തിന് വേണ്ടത്ര പരിഗണന നൽകണം. ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയ ആഭ്യന്തര വകുപ്പിന്റെ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണപരമായ വീഴ്ചകൾ കാരണമാണ് എൽ.ഡി.എഫ്.-ന് കനത്ത പരാജയം ഏറ്റുവാങ്ങേണ്ടി വന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): ഉപക്ഷേപത്തെ എതിർക്കുന്നു. ദിശാബോധമില്ലാത്തതും സമൂഹത്തിന് പ്രതീക്ഷ നൽകാത്തതും കേരളത്തിന്റെ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതും ജനങ്ങളെ നിരാശപ്പെടുത്തുന്നതുമായ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ താൽപര്യങ്ങൾ ഹനിക്കുന്ന കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെയും മതനിരപേക്ഷത തകർക്കപ്പെടുന്നതിനെതിരെയും നയപ്രഖ്യാപനത്തിൽ പരാമർശമില്ല. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ധവളപത്രം സഭയിൽ സമർപ്പിച്ചത്. പ്രവാസികളെ ദോഷകരമായി ബാധിക്കുന്ന ഗൾഫ് പ്രതിസന്ധി മറികടക്കാനുള്ള നയപരിപാടികളെയും തൊഴിലുറപ്പ് പദ്ധതിക്ക് പകരമുള്ള VB-GRAMG-യെയുംകുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം, പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തൽ, ലൈഫ് ഭവന പദ്ധതി, അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി, കിഫ്ബി, ക്ഷേമ ബോർഡുകളുടെ സംരക്ഷണം എന്നിവ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്താത്തത് ഇടതുപക്ഷ സർക്കാർ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതിന് ഇടയാക്കും.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗി കിടക്കയിൽനിന്ന് നിലത്തുവീണ് മരണപ്പെട്ട സംഭവത്തിൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ചികിത്സാപിഴവ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ വസ്തുനിഷ്ഠമായി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട അന്വേഷണം പൂർണ്ണമായും ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്നതിനാൽ എസ്.ഐ.റ്റി. ചാർജ്ഷീറ്റ് സമർപ്പിക്കുന്നമുറയ്ക്ക് മാത്രമേ സർക്കാരിന് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ടവരെ യതൊരു തരത്തിലും സംരക്ഷിക്കില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): യു.ഡി.എഫ്. സർക്കാരിനെ അധികാരത്തിലേറ്റിയ കേരളത്തിലെ ജനങ്ങളുടെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും സാക്ഷാത്കരിക്കാനായി അർപ്പണബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയും പുതുയുഗ കേരളം സൃഷ്ടിക്കുന്നതിന് ഈ സർക്കാർ പരിശ്രമിക്കും. പദ്ധതികൾ നടപ്പാക്കുന്നതിലെ അനാവശ്യ കാലതാമസം ഒഴിവാക്കിയും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയും കേരളത്തെ ലോകത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റേണ്ടതുണ്ട്. ലോകത്തിന്റെ തൊഴിൽരംഗം മാറുന്നതനുസരിച്ച് പാഠ്യപദ്ധതികളിൽ മാറ്റംവരുത്തേണ്ടതും വിദ്യാർഥികൾ ഉന്നത വിദ്യാഭ്യാസത്തിന് വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാനായി മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിക്കേണ്ടതുമുണ്ട്. ഇന്ദിരാ ഗ്യാരന്റിയുടെ ഭാഗമായി ഈ മാസം 15-ാം തീയതി മുതൽ കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്രയുടെ ആദ്യഘട്ടം നടപ്പാക്കാൻ തീരുമാനിക്കുകയും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തെ ഒരു തുറമുഖ നഗരമായും സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ ഏവിയേഷൻ ഹബ്ബായും മാറ്റേണ്ടതുണ്ട്. കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കുമനുസരിച്ചുള്ള സംരംഭങ്ങൾ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിക്കാനുതകുന്ന സാഹചര്യം കേരളത്തിലുണ്ടെന്ന് സംരംഭകരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പോലീസ്, എക്സൈസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ രാഷ്ട്രീയപാർട്ടികളുടെയും മത-സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ മയക്കുമരുന്ന് വ്യാപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. പരമ്പരാഗത മാർഗങ്ങളും ആധുനിക സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചികിത്സാച്ചെലവ് കുറച്ചുകൊണ്ട് പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നതാണ്. ഉപാധിരഹിത പട്ടയം നൽകുന്നതിനും ഭൂനിയമങ്ങളിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നതിനും വനാവകാശ നിയമം പൂർണ്ണമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കും. വിദ്യാഭ്യാസാനുകൂല്യം വർധിപ്പിച്ച് കൃത്യമായി ലഭ്യമാക്കൽ, പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നിവയുൾപ്പെടെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. മെഡിക്കൽ-ഇക്കോ-ഡെസ്റ്റിനേഷൻ ടൂറിസം പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കഴിഞ്ഞ പത്ത് വർഷത്തെ സാമ്പത്തിക മിസ്മാനേജ്മെന്റിന്റെ തെളിവാണ് സർക്കാർ പുറത്തിറക്കിയ ധവളപത്രം. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മോശമായ അവസ്ഥയിലാണ്. കിഫ്ബി പദ്ധതികളിൽനിന്നും വരുമാനം ലഭിക്കാത്തതിനാൽ കടമെടുത്ത പണം തിരിച്ചടയ്ക്കാൻ സാധിച്ചിട്ടില്ല. കിഫ്ബിക്കുവേണ്ടി കടമെടുക്കുന്ന തുകയുടെ നല്ലൊരു ഭാഗം തിരിച്ചടയ്ക്കേണ്ടത് ബജറ്റിൽ നിന്നാണ്. കിഫ്ബി പ്രവൃത്തികളിലെ അനാവശ്യ കാലതാമസം സംബന്ധിച്ച് പരിശോധന നടത്തി വിദഗ്ധാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്. ഭാവി കേരളത്തിന് പ്രതീക്ഷയുണർത്തുന്ന ഒരു നയപ്രഖ്യാപനമാണിത്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം 36-നെതിരെ 99 വോട്ടുകളോടെ സഭ അംഗീകരിച്ചു.

**അറിയിപ്പ്**

നിയമസഭാംഗങ്ങൾക്കുള്ള ദ്വിദിന പരിശീലന പരിപാടി

മി. സ്പീക്കർ: കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി 2026 ജൂൺ മാസം 17, 18 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുള്ള ദ്വിദിന പരിശീലന പരിപാടിയിൽ മന്ത്രിമാരുൾപ്പെടെ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

(സഭ ഉച്ചയ്ക്കുശേഷം 1.03-ന് പിരിഞ്ഞു.)

* * * * *